പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4503 — 17.12. 2014 ൽ മറുപടിക്ക്.

## തടിമിൽ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീല പ്രകാശം : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ തടി മില്ലുകളിൽ ഇപ്പോൾ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്; | (എ) കേരളത്തിലെ തടി മില്ലുകളിൽ (പെൻസിൽ, സ്ലാട്ട്, തീപ്പെട്ടി ക്കൊള്ളി, പ്ലൈവുഡ്, പാക്കിംഗ് കെയ്സ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ) പണിയെടുക്കുന്ന 21724 തൊഴിലാളികൾ ഉണ്ട്. |
| (ബി) കേരളത്തിലെ തടി മിൽ തൊഴിലാളികൾക്കുവേണ്ടി നിലവിൽ ക്ഷേമനിധി പ്രവർത്തിക്കുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ അവർക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കാൻ തയ്യാറാകുമോ; | (സി) തടിമിൽ തൊഴിലാളികൾക്ക് മാത്രമായി പുതിയ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് പ്രായോഗികമല്ല. മില്ലുകൾ ഫാക്ടറീസ് & ബോയിലേഴ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളായതിനാൽ അവിടുത്തെ തൊഴിലാളികൾക്ക് കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗത്വ മെടുക്കാവുന്നതാണ്. |
| (ഡി) സോമിൽ വർക്കേഴ്സ് ഫോറം സംസ്ഥാന സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട്. |

(ഇ) ഉണ്ടെങ്കിൽ ആ നിവേദനത്തിലൂടെ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) സോമിൽ വർക്കേഴ്സ് ഫോറത്തിന്റെ നിവേദത്തിലെ ആവശ്യങ്ങൾ താഴെപറയുന്നവയാണ്.

1) തൊഴിൽ നിയമ പ്രകാരമുള്ള പരിശോധന ബന്ധപ്പെട്ട അധികാരികൾ നടത്തുക.
2) സേവന വേതന വ്യവസ്ഥ നിശ്ചയിക്കുക.
3) അപകട പരിരക്ഷ കർശനമായി ഉറപ്പുവരുത്തുക.
4) ആരോഗ്യ പരിരക്ഷ നിർബന്ധമായും നടപ്പിലാക്കുക.
5) അവകാശനിഷേധവും കള്ളക്കേസുകളും അവസാനിപ്പിക്കുക.
6) തടിമിൽ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുക.

(എഫ്) ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എഫ്) പരാതി പരിശോധിച്ച് ഉചിതമായ മറുപടി നിവേദകന് 4/12/2014 ൽ നല്കിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ.